**പതിനാലാം കേരളനിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2099 — 05.05.2017 ന് മറുപടിയ്ക്ക്.

**ദേവികുളം മണ്ഡലത്തിൽ ജനവാസ കേന്ദ്രത്തിൽ കാട്ടാന ഇറങ്ങുന്നത്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ദേവികുളം നിയോജക മണ്ഡലത്തിൽ ജനവാസ കേന്ദ്രത്തിൽ കാട്ടാന ഇറങ്ങി ഒരാളെ കൊലപ്പെടുത്തുകയും കൃഷി ഭൂമി നശിപ്പിക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേവികുളം റെയിഞ്ച് അരുവിക്കാട് സെക്ഷനിലെ കുരിശ്ശടി ഭാഗത്ത് 21.03.2017-ന് വൈകുന്നേരം 6 മണിക്ക് ജോർജ്ജ് S/o അലക്സാണ്ടർ (59 വയസ്സ്), ഹൗസ് നം.243, 'മിഡിൽ ഡിവിഷൻ, ദേവികുളം എസ്റ്റേറ്റ്, മൂന്നാർ.പി.ഒ എന്നയാൾ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ എന്ത് തുടർ നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (ബി) & (സി) മരണപ്പെട്ട ആളുടെ മരണാനന്തര ചെലവുകൾക്ക് അടിയന്തിര ധനസഹായമായി 50,000/- രൂപ നൽകിയിട്ടുണ്ട്. അനന്തരാവകാശിക്ക് നിലവിലെ ചട്ടപ്രകാരം 5 ലക്ഷം രൂപയുടെ നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് ടി തുക അനുവദിക്കുന്നതാണ്. വന്യജീവി ആക്രമണം മൂലം കൃഷിനാശമുണ്ടായവർക്ക് നിയമാനുസരണം, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നഷ്ടപരിഹാരം നൽകുന്നുണ്ട്. |
| (സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ